# *Weekly Thoughts of August-2015*

week-1




## സത്യം നൽകുന്ന സ്വാതന്ത്ര്യം ('The Truth will set you free')

സത്യം എന്താണെന്ന് നാം അറിയുകയും , അംഗീകരിക്കുകയും ചെയ്യുന്നതു വരെ നാം അസത്യത്തിന് അടിമകളാണ്. പലകാര്യങ്ങളും ചെയ്യുവാൻ കഴിയാത്തവരായി നമ്മെപ്പറ്റി ചിന്തിക്കുമ്പോൾ , നാം സാത്താന്റെ അടിമകളാകുന്നു. സാത്താൻ നമ്മെ നിർവീര്യരാക്കുന്നു. പലപ്പോഴും കാരണം കൂടാതെയാണ് നാം ശത്രുവിനെ ഭയപ്പെടുന്നത്. 'നീ പോകുന്നിടത്തൊക്കെയും നിന്നോടുകൂടെ ഉള്ളതുകൊണ്ട് ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക, ഭയപ്പെ

ടരുത് , ഭ്രമിക്കയുമരുത്" എന്ന്  യോശുവയെ ധൈര്യപ്പെടുത്തിയ ദൈവത്തിന്റെ വാക്കുകൾ യോശുവയും യിസ്രായേൽ ജനവും മറന്നു. അവർ യെരിഹോ നിവാസികളെ ഭയന്നു.ദൈവീക വാഗ്ദത്തം സത്യമാണ്. ഈ സത്യം മറന്നതിനാലാണ് അവർ ഭയത്തിനടിമകളായത്. അതായത് ദൈവീക സത്യം മറക്കുമ്പോൾ നാം അസ്വതന്ത്രരാകുന്നു. അതേസമയം യെരിഹോ നിവാസികൾ യിസ്രായേലിനെ ഭയപ്പെട്ടിരുന്നു. യഹോവയുടെ ദൂതൻ വീണ്ടും പ്രത്യക്ഷനായി യെരിഹോവിനെയും അതിലുള്ളതിനെയും യഹോവ നിങ്ങൾക്ക് തന്നിരിക്കുന്നു അതിനായി എന്ത് ചെയ്യണമെന്നും നൽകിയ നിർദ്ദേശം  അവർ അംഗീകരിച്ചു, അനുസരിച്ചു. അപ്രകാരം സത്യം അംഗീകരിച്ചവരുടെ മുൻപിൽ യെരിഹോ തകർന്നു വീണു. സത്യം നൽകിയ സ്വാതന്ത്ര്യമാണ് യെരിഹോയിൽ കേട്ട ആർപ്പിന്റെ ശബ്ദം.

ഇതുപോലെ യിസ്രായേലിനെ നടത്തിയ ഒരു ദൈവമുണ്ടെന്നും , യുദ്ധം യഹോവയ്ക്കുള്ളതെന്നും  ശൗലും യിസ്രായേൽ ജനമൊക്കെയും മറന്നു. അതുകൊണ്ടാണ് ഏലാതാഴ്‌വരയിൽ ഫെലിസ്ത്യമല്ലനായ ഗോല്യാത്തിന്റെ വാക്കുകളിൽ യിസ്രായേല്യർ നാല്പതു ദിവസം ഭയന്നോടിയത്. യിസ്രായേൽ നിരകളുടെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ ഫെലിസ്ത്യനെ നേരിടുവാൻ ധൈര്യം കാണിച്ച് ദാവീദ് എന്ന ഇടയബാലനാണ്. സിംഹത്തിന്റെയും കരടിയുടേയും കയ്യിൽ നിന്ന് തന്നെ രക്ഷിച്ചത് 'യഹോവ' എന്ന നാമമുള്ള സർവ്വശക്തൻ എന്ന സത്യം അവൻ അംഗീകരിച്ചതിനാലാണ് ഭയമില്ലാതെ ഫെലിസ്ത്യനെ നേരിടുവാൻ കവിണയും കല്ലുമായി ചെല്ലുവാൻ അവന് കഴിഞ്ഞത്. യിസ്രായേലിന്റെ ദൈവം തന്നെയാണ് അവരെ സ്വതന്ത്രരാക്കിയത് എന്ന സത്യം അങ്ങനെ ദാവീദ് അവരെ മനസ്സിലാക്കി.

അസത്യംമാത്രം പറയുകയും , പ്രവർത്തിക്കുകയും ചെയ്യുന്ന ഭൂരിപക്ഷം രാഷ്ട്രീയ , സാമൂഹ്യ, മതസംഘടനകളും നേതാക്കളും മനസ്സിലാക്കുക സത്യം മാത്രമേ നമ്മെ സ്വതന്ത്രരാക്കുകയുള്ളൂ. സത്യത്തോട് അസത്യം എപ്പോഴും എതിർത്ത് നില്ക്കുന്നു. ഇവയുടെ നിലപാടുകൾക്കു തമ്മിലും വ്യത്യാസമുണ്ട്. അസത്യം താല്ക്കാലിക സന്തോഷവും ലാഭവും നേടിത്തരുന്നതിനാൽ പലരും എന്നും അടിമത്വത്തിൽ തന്നെ കഴിയുന്നു. സ്വാതന്ത്ര്യത്തിനായിട്ട് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി,ആകയാൽ അതിൽ ഉറച്ചുനില്പിൻ എന്ന് പൗലോസ് നമ്മെ ബോധിപ്പിക്കുന്നു. പ്രീയരേ ! യെരിഹോയെപ്പോലെ കഠിനമായ പ്രതികൂലങ്ങൾ ആയാലും , ഗോല്യാത്തിനെപ്പോലെയുള്ള ശക്തൻമാർ എതിരേ വന്നാലും  യഹോവയുടെ നാമത്തിൽ നേരിടുക. 'ഞാൻ നിന്നോടു കൂടെയുണ്ട്" എന്ന് പറഞ്ഞ സത്യദൈവത്തെ വിശ്വസിക്കുക. അപ്രകാരം മൃതിയേ

കാൾ ഭയാനകമായ പാരതന്ത്ര്യത്തിനടിമകളായവരെ സ്വതന്ത്രരാക്കുവാൻ ദൈവം നിങ്ങളെ ഉപയോഗിക്കട്ടെ. ദൈവവചനങ്ങൾ സത്യമാകുന്നു. ഈ സത്യം അംഗീകരിച്ച് ആത്മീയ സ്വാതന്ത്ര്യം പ്രാപിപ്പാൻ ദൈവം കൃപചെയ്യട്ടെ.

## പ്രാർത്ഥന

പ്രീയ യേശുവേ ! അങ്ങയെ ഞങ്ങളുടെ ഉള്ളിൽ സ്വീകരിപ്പാനും, പാപത്തിന്റെ താല്ക്കാലിക ഭോഗങ്ങളിൽ വീണുപോയവരെ സാത്താന്റെ അടിമത്വത്തിൽ നിന്ന് രക്ഷിച്ച് സ്വതന്ത്രരാക്കുവാനും ഞങ്ങളെ സഹായിക്കേണമേ.

ആമേൻ

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind